B

512

# സമഗ്ര ശിക്ഷ, കേരളം

# വാർഷിക മൂല്യനിർണയം 2018-19

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 5 | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം -1 വായിക്കാം എഴുതാം**

**രചന വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

മേഘങ്ങളുടെ കുഴമറിച്ചിലുകളിൽനിന്നും മഴമേഘങ്ങൾ മന്ദംമന്ദം പ്രത്യക്ഷപ്പെട്ടുതുടങ്ങി. അതെ. മഴയ്ക്കായുള്ള പ്രാർത്ഥനയിലായിരുന്നു കാടൊന്നാകെ. ഞാനും അതിലേക്ക് എത്തിപ്പെടുകയായിരുന്നു. ആനന്ദത്തോടെ ഞാൻ വൃക്ഷങ്ങൾ മൂടിയ മേലാപ്പിനിടയിലൂടെ മഴമേഘങ്ങളെ വണങ്ങി. പൊടുന്നനേ അജ്ഞാതമായ ഏതോ ഗന്ധം. ഓർമകളിൽ ഗന്ധങ്ങൾ നിറഞ്ഞ ഊടുവഴികളിലൂടെ പിന്നോട്ടു സഞ്ചരിക്കാൻ ശ്രമിച്ചു. അതിന് കടലിന്റെയും മേഘങ്ങളുടെയും ഗന്ധം ഉണ്ടായിരുന്നുവോ?

അത് വേനൽമഴയുടെ സാന്നിധ്യം അറിയിക്കലായിരുന്നു. മഴ ആരംഭിക്കുകയായി. ആകാശം മറച്ചുപിടിച്ച വൃക്ഷശാഖകൾ ഒന്നാകെ ആദ്യത്തെ മഴത്തുള്ളികളെ താഴെ വീഴാതെ ഇലക്കുമ്പിളിൽ ശേഖരിച്ചു. ഞാൻ പിന്നെയും മഴയ്ക്കായി കാത്തിരുന്നു. എങ്ങനെയോ ഇലകളിൽനിന്ന് ചോർന്നൊരു മഴത്തുള്ളി മുഖത്ത് പതിച്ചു. ഒരു നിമിഷം പിടഞ്ഞുവോ... അതിൽ സാഗരഗന്ധവും ഇരമ്പലും ഞാൻ അനുഭവിച്ചു. പിന്നെ പൊടുന്നനെ ഇലച്ചാർത്തുകൾ ഉലഞ്ഞു.

മഴയിലൂടെ ആകാശം ഭൂമിയെ തൊട്ടു. എന്നെയും.

(എൻ.എ. നസീർ)

1. മേഘങ്ങളുടെ കുഴമറിച്ചിലുകളിൽനിന്ന് മന്ദംമന്ദം പ്രത്യക്ഷപ്പെട്ടുതുടങ്ങിയത് എന്ത്?
   (മൂടൽമഞ്ഞ്, മഴമേഘങ്ങൾ, സൂര്യൻ)
2. കാടൊന്നാകെ എന്തിനുവേണ്ടിയുള്ള പ്രാർഥനയിലായിരുന്നു?
   (വെളിച്ചത്തിന്, മൃഗങ്ങൾക്ക്, മഴയ്ക്ക്)
3. വൃക്ഷശാഖകൾ മഴത്തുള്ളികളെ താഴെ വീഴാതെ ശേഖരിച്ചതെവിടെ?
   (കൈക്കുമ്പിളിൽ, ഇലക്കുമ്പിളിൽ, ശാഖകളിൽ)
4. വൃക്ഷശാഖകൾ എന്തിനെയാണ് മറച്ചുപിടിച്ചത്?
   (ആകാശത്തെ, ഭൂമിയെ, നക്ഷത്രത്തെ)
5. സന്തോഷം എന്ന വാക്കിന് പകരം വരുന്ന ഒരു വാക്ക് ഗദ്യഭാഗത്തുനിന്ന് കണ്ടെത്തുക.
   (അജ്ഞാതം, ഗന്ധം, ആനന്ദം)

## പ്രവർത്തനം -2 ആസ്വാദനക്കുറിപ്പ്

നമുക്കുചുറ്റും കാണുന്ന പുൽകളും പുഴുക്കളും കിളികളും പൂമരങ്ങളും ഒക്കെ നമ്മുടെ ഗുരുനാഥൻമാരാണ്. പ്രപഞ്ചത്തെക്കുറിച്ച് എഴുതിയ **'സമ്മാനം'** എന്ന ഈ കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കൂ.

പൂപോലെയുള്ള നിലാവു തന്നു
പൂവിൻ മധുരം നിറച്ചു തന്നു
ആകാശമെന്ന കുടയ്ക്കു കീഴിൽ
ആയിരം വർണോത്സവങ്ങൾ തന്നു
മേടിന്റെ പച്ചപ്പരപ്പു തന്നു
കാടിന്റെ നീലമേലാപ്പു തന്നു
കാർമുകിലിന്റെ കനവു തന്നു
വാർമഴവില്ലിൻ കസവുതന്നു
ആളിപ്പടരുവാൻ അഗ്നി തന്നു
ആഴിയിൽ വെള്ളം നിറച്ചു തന്നു.


ആറ്റിൽ തിരയിളക്കങ്ങൾ തന്നു
മഞ്ഞിന്റെ വെള്ളിക്കുളിരു തന്നു
കാറ്റിന്റെ ചൂളംവിളികൾ തന്നു
തേനിറ്റുവീഴും പഴങ്ങൾ തന്നു
നീയെൻ പ്രപഞ്ചമേ, ജീവനായി-
ത്തന്നതെന്തെല്ലാമനുഗ്രഹങ്ങൾ !
രാത്രിയിൽ ഞങ്ങളുറക്കമായാൽ
ഏറെ സ്വപ്നങ്ങളും നീ തരുന്നു
സ്വപ്നത്തിലൂടെ നീ കാട്ടിടുന്നു
നേരുകൾ പൂക്കും വിളക്കുമാടം

(പി.മധുസൂദനൻ)

## പ്രവർത്തനം -3 ലഘുകുറിപ്പ്

(എ)

താഴെപ്പറയുന്ന സൂചകങ്ങൾ വികസിപ്പിച്ച് കേരള കലാമണ്ഡലത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.




(ബി) 'എന്റെ ജീവിതം അരങ്ങിലും അണിയറയിലും' ആരുടെ ആത്മകഥയാണ്?

**പ്രവർത്തനം - 4 ഉപന്യാസം**

പുഞ്ചിരിക്കുന്ന പൂക്കൾ, പാട്ടുപാടുന്ന കിളികൾ, സുഗന്ധം പരത്തുന്ന കാറ്റ്, വേലപൂരങ്ങൾ നടത്തുന്ന കാവുകൾ തുടങ്ങി നമ്മുടെ നാടിന്റെ അഴകിനെക്കുറിച്ച് പി. കുഞ്ഞിരാമൻനായർ **'എങ്ങുപോയി'** എന്ന കവിതയിൽ പറയുന്നുണ്ട്. പച്ചവിരിച്ച വയലുകൾ, പാടുന്ന പുഴകൾ, ഇങ്ങനെ എന്തെല്ലാം... നിങ്ങൾക്കറിയാവുന്ന കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തി നമ്മുടെ നാടിന്റെ സൗന്ദര്യത്തെക്കുറിച്ച് ഉപന്യാസം തയാറാക്കുക.

**പ്രവർത്തനം -5 വർണന**

*പൂരമതിന്നുടെ ദോഷം പറവാൻ*
*പാരിലൊരാൾക്കും ശക്തിയുമില്ല*
*പൂരമതിൻദിനം ആറുമണി മുതൽ*
*മാരാൻമാരും വന്നു തുടങ്ങി*
*ആനകളോ മണിമേടകൾ പോലെ*
*അഴകുള്ള ആളുകൾ അതുകളിൽ മേലേ*

| |
|---|
| മാരാൻമാർ - ചെണ്ടകൊട്ടുന്നവർ<br>മണിമേട - മണിമാളിക |

**(കണ്യാർകളിപ്പാട്ട്)**

ഒരു പൂരക്കാഴ്ചയുടെ തുടക്കമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. നിങ്ങളും ഇത്തരം പൂരക്കാഴ്ചകൾ കണ്ടിരിക്കുമല്ലോ.... നിങ്ങൾ കണ്ട പൂരക്കാഴ്ചകൾ **വർണിച്ചെഴുതുക.** ഗദ്യത്തിലൊ പദ്യത്തിലൊ ആവാം.

**പ്രവർത്തനം - 6 വിശകലനക്കുറിപ്പ്**

'മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന സുസ്നേഹമൂർത്തിയാം സൂര്യനെപ്പൊലെ', സ്വന്തം ജീവിതത്തിലെ എല്ലാ സുഖസൗകര്യങ്ങളും നേട്ടങ്ങളും ഉപേക്ഷിച്ചവരെ ത്യാഗികൾ, സാമൂഹിക പരിഷ്കർത്താക്കൾ, മഹാൻമാർ എന്നൊക്കെ പിൽക്കാലചരിത്രം വിശേഷിപ്പിച്ചു.

ശ്രീനാരായണഗുരുവിന്റെ ജീവിതവും അദ്ദേഹത്തിന്റെ ആശയങ്ങളും മുൻനിർത്തി ഒരു **വിശകലനക്കുറിപ്പു** തയാറാക്കുക.